"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/484/2024-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-12-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വലിച്ചെറിയൽ വിരുദ്ധവാരം - ക്യാമ്പയിൻ-മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയ 17/12/2024 തിയ്യതിയായ പ്രൊപ്പോസൽ

മാലിന്യ മുക്തം നവകേരളം ജനകിയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2025 ജനുവരി 1 മുതൽ 7 വരെ "**വലിച്ചെറിയൽ വിരുദ്ധ വാരം**" ഒരു ക്യാമ്പയിനായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം സജ്ജമായി വരുമ്പോഴും പൊതുനിരത്തിലേക്ക് മാലിന്യം വലിച്ചെറിയുന്ന പ്രവണത ഇപ്പോഴും കാണുന്നു. ഇത് പ്രതിരോധിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ അനിവാര്യമാണ്. പൊതു നിരത്തിൽ മാലിന്യം വലിച്ചെറിയുന്നത് പ്രധാനമായും മൂന്നു സാഹചര്യങ്ങളിലൂടെയാണ്.

i.നിലവിൽ തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ ശേഖരണ സംവിധാനത്തിനോട് സഹകരിക്കാത്ത വീടുകൾ/സ്ഥാപനങ്ങളിൽ നിന്നും പൊതു നിരത്തിലേക്ക് മാലിന്യം നിക്ഷേപിക്കുന്നു.

ii. തദ്ദേശസ്ഥാപനങ്ങളുടെ അറിവോ/ അനുമതിയോ ഇല്ലാതെ അനധികൃത ഗ്രൂപ്പുകൾ/ഏജൻസികൾ/വ്യക്തികൾ എന്നിവ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഒഴിഞ്ഞ ഇടങ്ങളിൽ നിക്ഷേപിക്കുന്നത്.

iii. വിനോദ സഞ്ചാര കേന്ദ്രങ്ങൾ, മേളകൾ, ജാഥകൾ, പൊതുപരിപാടികൾ എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യം , യാത്രാ വേളകളിൽ (പ്രധാനമായും KSRTC സ്റ്റാന്റുകൾ) ഉണ്ടാകുന്ന മാലിന്യം നിക്ഷേപിക്കാൻ ഇടമില്ലാത്തത് കാരണം വലിച്ചെറിയപ്പെടുന്നു.കൂടാതെ നിക്ഷേപിക്കാൻ സംവിധാനം ഉണ്ടെങ്കിലും പിന്തുടർന്ന് വരുന്ന മനോഭാവവും ശീലവും കാരണം വലിച്ചെറിയപ്പെടുന്ന അവസ്ഥ.

ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി തദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം കർശനമായ നിയമനടപടിയും പിന്തുടരാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പൊതു നിരത്തിലേക്ക് മാലിന്യം വലിച്ചെറിയാനുള്ള പ്രവണത പ്രതിരോധിക്കുന്നതിനായി വിപുലമായ ബഹുജനവിദ്യാഭ്യാസ ക്യാമ്പയിൻ അനിവാര്യമാണ്. ഇതിലേക്കായി 2025 ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽ വിരുദ്ധവാരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി ചെയ്യേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും വാർഡ് തലത്തിലും നിർവ്വഹണ സമിതി യോഗം ചേർന്ന് വലിച്ചെറിയൽ മുക്തവാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിന്റെ പരിധിയിലെ മുഴുവൻ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പാക്കി പൊതുയിടം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനപരിപാടി തയ്യാറാക്കണം. പാഴ്വസ്തുക്കൾ വലിച്ചെറിയുന്നതിനെതിരെ പൊതുബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോധവൽക്കരണവും അനിവാര്യമാണ്. ഇതിന്റെ ഭാഗമായി പാഴ്വസ്തുക്കൾ സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തുകയും അവിടം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും വേണം.

2. കണ്ടെത്തുന്ന ഓരോ ചെറിയ പ്രദേശത്തിന്റെയും ചുമതല തദ്ദേശസ്ഥാപന പരിധിയിലുള്ള സംഘടനകൾക്കും/ക്ലബ്ബുകൾക്കും നൽകുകയും പ്രസ്തുത പ്രദേശം വലിച്ചെറിയൽ മുക്തമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ജനപങ്കാളിത്തത്തിലൂടെ തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ് (യുവജന കൂട്ടായ്മകൾ, റെസിഡൻസ് അസോസിയേഷൻ, രാഷ്ട്രീയ മത സംഘടനകൾ, സർവീസ്-തൊഴിലാളി സംഘടനകൾ, NGOകൾ, കലാ-സാംസ്കാരിക സംഘടനകൾ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലെ പങ്കാളിയാക്കാൻ സാധിക്കുന്ന എല്ലാ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പാക്കുക)

- കണ്ടെത്തുന്ന പ്രദേശത്ത് വരുന്ന മാലിന്യങ്ങളുടെ ഉറവിടം എവിടെ നിന്നാണെന്ന് കണ്ടെത്തുകയും. അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.
- വലിച്ചെറിയൽ വിരുദ്ധ വാരത്തിന് മുന്നോടിയായി ആ പ്രദേശത്തിന് ചുറ്റുമുള്ള വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി, വലിച്ചെറിയൽ മുക്ത പ്രദേശത്തെക്കുറിച്ചുള്ള സന്ദേശം സൃഷ്ടിക്കുകയും വേണം.
- ഈ പ്രദേശത്തെ വീടുകളിലും സ്ഥാപനങ്ങളിലും അജൈവമാലിന്യം തരം തിരിച്ച് ഹരിതകർമ്മസേനക്ക് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. ഒപ്പം ജൈവമാലിന്യ പരിപാലനം ഉറപ്പാക്കുക.
- വാർഡ് തല നിർവ്വഹണ സമിതിയുടെ നേതൃത്വത്തിൽ സഹകരിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും ഇടപെടൽ നടത്തുക.
- നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്തു വൃത്തിയാക്കുക.
- ഇങ്ങനെ മാറ്റിയെടുക്കുന്ന പ്രദേശങ്ങളുടെ തുടർസംരക്ഷണം പ്രസ്തുത ജനകീയസമിതിയുടെ ചുമതലയിൽ ഉറപ്പാക്കുക.
- ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സായാഹ്ന -സൗഹൃദ ഇടങ്ങൾ/കൂട്ടായ്മകൾ എന്നിവ രൂപപ്പെടുത്തുക.
- ജനശ്രദ്ധ കൂടുതൽ ലഭിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, പാർക്കുകൾ തുടങ്ങിയ പ്രദേശങ്ങൾ വലിച്ചെറിയൽ മുക്ത ഇടങ്ങളാക്കി മാറ്റുക.
- സ്കൂൾ /കോളേജ് സമീപത്ത് കണ്ടെത്തുന്ന സ്ഥലങ്ങളിൽ പ്രസ്തുത സ്കൂൾ/കോളേജിലെ NSS, NCC ഭൂമിത്രസേന ക്ലബ്ബുകൾ, ടൂറിസം ക്ലബ്ബുകൾ, സ്കൗഡ്സ് & ഗൈഡ്സ്, സാമൂഹിക-സന്നദ്ധസേന വോളന്റീയർ എന്നിവരെ ഉൾപ്പെടുത്തി ചെയ്യുക.

3. പൊതുയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം - മാലിന്യം തരം തിരിച്ചിടുക, ശരിയായ രീതിയിൽ ഉപയോഗിക്കുക, ബിൻ വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയവ കേന്ദ്രീകരിച്ച് ബഹുജന വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്യുക.

- ബിൻ സ്ഥാപിച്ച സ്ഥലം എത്രത്തോളം അനുയോജ്യമാണ് എന്ന് വിലയിരുത്തി കൂടുതൽ മാലിന്യം വരാൻ സാധ്യതയുള്ളതും പൊതുജനങ്ങൾക്ക് സൗകര്യമുള്ളതുമായ അനുയോജ്യ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കൽ.
- എല്ലാ വ്യാപാര സ്ഥാപനങ്ങളുടെ മുൻപിലും ബിന്നുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ, ഒപ്പം മുഴുവൻ വാണിജ്യ-വാണിജ്യേതര സ്ഥാപനങ്ങളും പരിസരം വൃത്തിയായി സൂക്ഷിക്കുമെന്ന് ഉറപ്പുവരുത്തുക.
- ബിന്നുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ വരാൻ സാധ്യതയുള്ള മാലിന്യങ്ങൾക്കനുസരിച്ചുള്ള നൂതന IEC ബോർഡുകൾ സ്ഥാപിക്കുക (ഉദാ: ബസ് സ്റ്റോപ്പുകളിൽ ടിക്കറ്റ്, മിഠായി കവർ, രസീതുകൾ, പേപ്പറുകൾ, ആഹാര അവശിഷ്ടങ്ങൾ (പഴങ്ങളുടെ തൊലി etc).

- ബിന്നുകൾക്ക് പ്രാദേശികമായി ചുമതലയുള്ള സമിതി/സ്ഥാപനങ്ങൾ ഉണ്ടാകണം (ഓട്ടോ സ്റ്റാൻഡ് തൊഴിലാളികൾ, വ്യാപാര കേന്ദ്രങ്ങൾ, സ്കൂൾ, യൂത്ത് ക്ലബ് മുതലായ).
- ബിന്നിൽ വരുന്ന പാഴ്വസ്തുക്കൾ അതാത് ദിവസം തന്നെ നീക്കം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ക്രമീകരണം ഉണ്ടാക്കണം.
- നിറഞ്ഞിരിക്കുന്ന ബിന്നുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കണം. (അറിയിപ്പോടുകൂടിയ പൊതുവായ ഫോൺ നമ്പറുകൾ ബിന്നുകളിൽ സ്ഥാപിക്കൽ).
- വീട്ടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യം നിക്ഷേപിക്കാനുള്ളതല്ല ബിന്നുകൾ , മറിച്ച് യാത്ര വേളകളിൽ ഉണ്ടാകുന്ന മാലിന്യം മറ്റ് മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ താൽക്കാലിക സഹായത്തിനായി മാത്രമുള്ളതാണ്. ഇതിൽ നിന്നും മാലിന്യം നീക്കുന്നത് നമ്മുടെ സഹോദരങ്ങളാണെന്നും അതുകൊണ്ട് സാനിട്ടറി മാലിന്യം, ഓമന മൃഗങ്ങളുടെ വിസർജ്യം, etc തുടങ്ങിയവ ഇത്തരം പൊതു ബിന്നുകളിൽ നിക്ഷേപിക്കാൻ പാടില്ലെന്നും IEC യിൽ പരിഗണിക്കാം.

4. സർക്കാർ ഓഫീസുകൾ, സംസ്ഥാന തലം മുതൽ പ്രാദേശിക ഓഫീസ് തലം വരെ വലിച്ചെറിയൽ വിരുദ്ധ വാരം സംഘടിപ്പിക്കണം. മുഴുവൻ ഓഫീസുകളും പരിസരങ്ങളും ജനുവരി 7 ന് വലിച്ചെറിയൽ മുക്തമാക്കി പ്രഖ്യാപിക്കാൻ കഴിയണം.

5. ജാഥകൾ, സമ്മേളനങ്ങൾ, ഉത്സവങ്ങൾ, തുടങ്ങിയ പൊതുപരിപാടികളുടെ ഭാഗമായി കൊടി-തോരണങ്ങൾ, നോട്ടീസുകൾ, കുടിവെള്ളക്കുപ്പികൾ തുടങ്ങിയവ പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പാലിക്കേണ്ട നിബന്ധനകൾ സംഘാടകരെ തദ്ദേശസ്വയംഭരണസ്ഥാപനം മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. പ്രചാരണം - അന്തരീക്ഷ സൃഷ്ടി

- ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ, KSWMP, ക്ലീൻ കേരള കമ്പനി, പബ്ലിക് റിലേഷൻസ് വകുപ്പ്, കുടുംബശ്രീ എന്നിവർ ഈ ക്യാമ്പയിന്റെ പ്രത്യേക IEC തയ്യാറാക്കി നടപ്പിലാക്കണം.
- എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഈ ക്യാമ്പയിനു വേണ്ടി IT @സ്കൂൾ, ലിറ്റിൽ കൈറ്റ്, താല്പര്യമുള്ള വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു IEC ടീമിന് രൂപം നൽകണം.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കകത്തും ഈ ക്യാമ്പയിൻ നടക്കണം. ഒപ്പം വിദ്യാഭ്യാസ സ്ഥാപനം വലിച്ചെറിയൽ മുക്തമാക്കാനും കഴിയണം.
- പ്രാദേശികമായ പ്രധാന വാട്സപ്പ് ഗ്രൂപ്പ് അഡ്മിൻന്മാർ, പ്രാദേശിക മാധ്യമപ്രവർത്തകർ, പ്രാദേശിക വ്ലോഗർമാർ, ഫേസ്ബുക്ക് കൂട്ടായ്മ തുടങ്ങിയവരുടെ യോഗം വിളിച്ച് പിന്തുണയും പങ്കാളിത്തവും നേടാൻ ചുമതലയുള്ള RP/YP/തീമാറ്റിക് എക്സ്പേർട്ട്മാർ തുടങ്ങിയവർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കണം.
- കുടുംബശ്രീ അയൽക്കൂട്ടങ്ങളെ വലിച്ചെറിയൽ വിരുദ്ധ വാരത്തിന്റെ പ്രധാന പ്രചാരകരാക്കി മാറ്റാൻ കഴിയണം. കുടുംബശ്രി അയൽക്കൂട്ടങ്ങൾ ഈ ക്യാമ്പയിന്റെ പ്രധാന പ്രചാരകരായി മാറേണ്ടത് അനിവാര്യമാണ്.
- വിപുലമായ പ്രചാരണത്തിലൂടെ വലിച്ചെറിയൽ ഒരു മോശം സ്വഭാവമെന്ന് പൊതുബോധം ഉണ്ടാക്കിയെടുക്കാൻ കഴിയണം .
- മാലിന്യം വലിച്ചെറിയുന്നത് റിപ്പോർട്ട് ചെയ്യാനുള്ള ഒറ്റ വാട്ട്സ് ആപ്പ് നമ്പറിന്റെ (9446700800) പ്രചാരണം, നിയമ നടപടി കർശനമാക്കൽ എന്നിവയും പ്രചാരണത്തിൽ ഊന്നൽ നൽകാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

7. വിപുലമായ രീതിയിൽ ടി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും ക്യാമ്പയിനിൽ പങ്കാളികൾ ആകണം. ഇതിന് വേണ്ടി ഓരോ പ്രദേശത്തും ഭവന സന്ദർശനം നടത്തി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തണം.

8. വലിച്ചെറിയൽ വിരുദ്ധവാരം : ക്യാമ്പയിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾ/സമിതികൾ/സ്ഥാപനങ്ങൾ എന്നിവക്ക് അംഗീകാരങ്ങളും പുരസ്കാരങ്ങളും നൽകുക.

**********************

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 26-12-2024 15:24:25
സെക്ഷൻ ഓഫീസർ

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ, LSGD, മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്